ഇൻറർ സ്റ്റേറ്റ് റോഡ്

* 853. [19] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഭാഗത്തുള്ള ഇൻറർ സ്റ്റേറ്റ് റോഡ് ഏതെല്ലാം ബ്ലാക്ക് റോപ്പ് ചെയ്തിട്ടുണ്ട് ;

(ബി) തൃശ്ശൂർ–പൊള്ളാച്ചി റോഡ് മുഴുവൻ ബ്ലാക്ക് റോപ് ചെയ്തിട്ടുണ്ടോ ;

(സി) ധാരാളം ബസ്സുകളും ലോറികളും ഗതാഗതം ചെയ്യുന്ന പ്രസ്തുത റോഡ് ഇടയ്ക്കിടെ വീതി കൂട്ടാതെയും ബ്ലാക്ക് റോപ് ചെയ്യാതെയും കിടക്കുവാൻ കാരണമെന്താണ് ;

(ഡി) ഈ റോഡ് കഴിയുംവേഗം സുഗമമായ ഗതാഗതയോഗ്യമാക്കുവാൻ ദയവുണ്ടാകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഇവയുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(ബി) ഇല്ല.

(സി) ഈ റോഡിൻറെ തൃശ്ശൂർ വാണിയംപാറ ഭാഗം ബ്ലാക്ക് റോപ്പു ചെയ്തിട്ടുണ്ട്. 1/4 മുതൽ 4/7 മൈൽ വരെയുള്ള ഭാഗത്തെ ഇംപ്രൂവ്മെൻറ് പണിയും തീർന്നിട്ടുണ്ട്. മൈൽ 4/7 മുതൽ 8/0 വരെയുള്ള റോഡിൻറെ പണി തുടർന്നുവരുന്നു. മൈൽ 8/0 മുതൽ 15/3 വരെയുള്ള റോഡുപണിയുടെ എസ്റ്റിമേറ്റിന് കേന്ദ്രഗവണ്മെൻറിൻറെ അനുമതി ലഭിച്ചിട്ടില്ല.

(ഡി) ഇത് കേന്ദ്രഗവണ്മെൻറിൻറെ അനുമതിയേയും ധനലഭ്യതയേയും ആശ്രയിച്ചിരിക്കുന്നു.

റൂറൽ വാട്ടർ സപ്ലൈ സ്കീമിനു നീക്കിവച്ച തുക

* 854. [20] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ വാട്ടർ സപ്ലൈ സ്കീം അനുസരിച്ചുള്ള പണികൾക്ക് ഈ വർഷം പാലക്കാട്ടു ജില്ലയിലേക്ക് നീക്കിവച്ച തുകയെത്ര ; അതിൽ ചെലവായ സംഖ്യ 31-1-1964 വരെ എത്ര ;

(ബി) ഇക്കൊല്ലം പൂർത്തിയാക്കിയ സ്കീമുകൾ ഏവ ;

(സി) 1962-ൽ ആരംഭിച്ച സ്കീമുകൾ എത്ര ; അവയിൽ എത്രയെണ്ണം പൂർത്തിയായി, എത്രയെണ്ണം പണി പൂർത്തിയായിട്ടില്ല ; പൂർത്തിയാകാത്തതിനുള്ള കാരണമെന്ത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) പാലക്കാട്ടു ജില്ലയിലേക്ക് ഈ സാമ്പത്തികവർഷത്തിൽ നീക്കിവച്ചിരുന്ന തുക 1,16,000 രൂപ. 31-1-65 വരെ ചെലവായ തുക 1,20,422 രൂപ.

(ബി) 1. കാവശ്ശേരി, 2. പെരിങ്ങോട്ടുകുറിശ്ശി,
3. തൃത്താല, 4. പട്ടാമ്പി എന്നിവയാണ്.

(സി) 1962-63-ൽ വടക്കഞ്ചേരി, കൊങ്ങാട്ട് എന്നീ രണ്ടു സ്കീമുകൾ ആരംഭിച്ചു. ഇവയുടെ പണി താമസം വിനാ പൂർത്തിയാകുന്നതാണ്. തക്ക സമയത്തു് ആവശ്യമുള്ള പൈപ്പുകൾ കിട്ടാൻ താമസം വന്നതുകൊണ്ടാണ് ഇവയുടെ പണി പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്.

* Appendix III

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞൻ: പൈപ്പുകൾ ഇട്ടതിന്റെ രണ്ടുമൂന്നു കൊല്ലം കഴിഞ്ഞിട്ടും വാട്ടർ സപ്ലൈ നടത്താതിരുന്ന സ്കീമുകൾ എത്രയുണ്ട് ; മണ്ണാക്കാട്ട് ഇങ്ങനെ പൈപ്പ് ഇട്ടതിന്നിട്ടും വെള്ളം കിട്ടുന്നില്ല എന്നറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എത്രയെണ്ണമാണെന്നസംഖ്യ കൃത്യമായി പറയാൻ നിവൃത്തിയില്ല. മണ്ണാക്കാട്ട് രണ്ടു കൊല്ലം കഴിഞ്ഞിട്ടും തീരുമാനമുണ്ടാകാത്തതിനെപ്പറ്റി അന്വേഷണം നടത്താം.

ശ്രീ. ഇ. പി. ഗോപാലൻ : പാലക്കാട്ട ജില്ലയിൽ ആർ. ഡബ്ലിയു. എസ്. സ്കീം പ്രകാരം പെരുന്തൽമണ്ണ വാട്ടർസപ്ലൈക്ക ഒരു സ്കീം ഉണ്ടായിരുന്നു. അതിന്റെ നില എന്തായി ? അതു പൂർത്തിയാക്കിവച്ചു എന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പൂർത്തിയായും നിറുത്തിവച്ചു എന്നു പറയുന്നതു് ശരിയല്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ എട്ടര ലക്ഷത്തോളം രൂപയുടെ എസ്റ്റിമേറാണു് തയ്യാറാക്കിയിട്ടുള്ളതു്. ഈ കൊല്ലത്തെ അലോട്ടുമെന്റിൽ സംഖ്യ ഇല്ലാത്തതുകൊണ്ടു് തൽക്കാലം പണി ആരംഭിക്കാൻ സാധ്യമല്ല.

ശ്രീ. ഇ. പി. ഗോപാലൻ : എന്നുവച്ചാൽ ഇക്കൊല്ലം അലോട്ടു ചെയ്യാൻ നിവൃത്തിയില്ലെന്നാണോ ഈ സ്കീം ഗവണ്മെന്റിന്റെ പരിഗണനയിലാണോ, അതോ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടപ്പോൾ പരിഗണിക്കാമെന്ന നിലയിലാണോ നിൽപ്പു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എന്നുള്ള നിലയിലാണു്.

ശ്രീ. ഓ. കോരൻ : വാട്ടർ സപ്ലൈ ഹൗസ് കണക്ഷൻ കൊടുക്കുന്നതിനെപ്പറ്റി വല്ല നിർദ്ദേശവുമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ സ്ഥലത്തും കൊടുക്കാൻ സാധ്യമല്ല. എക്സസ് ഉള്ള സ്ഥലങ്ങളിൽ പഞ്ചായത്തുകൾ പരിശോധിച്ചു് ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ ഹൗസ് കണക്ഷൻ കൊടുക്കാൻ ശ്രമിക്കുന്നുണ്ടു്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

* 855. [21] † ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടു് ;

(ബി) കാഞ്ഞിരം (ആലുവാ താലൂക്കു്) ലിഫ്റ്റ് ഇറിഗേഷൻ എന്നതിനുവേണ്ടു് പണി ആരംഭിക്കുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

(എ) ഇക്കൊല്ലം 9 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടു്.

(ബി) കാഞ്ഞിരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കു് ആവശ്യമുള്ള സ്ഥലം പൊന്നുംവിലയ്ക്കെടുത്തു് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചശേഷമേ പണി ആരംഭിക്കാൻ സാധിക്കയുള്ളു. സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1964–65–ൽ പ്രസ്തുത ലിഫ്റ്റിറിഗേഷൻ പദ്ധതിയുടെ പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണു് പ്രതീക്ഷ.

† Put by Shri M. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly